"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

വ്യവസായ വകുപ്പ്-മൈനിംഗ് & ജിയോളജി- ശ്രീ. സാം സെബാസ്റ്റ്യൻ, പാറയിൽ വീട്, ഇടനാട് പി.ഒ., കോട്ടയം എന്ന വ്യക്തിയുടെ ഉടമസ്ഥതയിൽ കോട്ടയം ജില്ലയിൽ മീനച്ചിൽ താലൂക്കിൽ വള്ളിച്ചിറ വില്ലേജിൽ ബ്ലോക്ക്-19, റീസർവ്വേ നം. 25/1-2, 29/3-2-ൽ ഉൾപ്പെട്ട സ്ഥലത്തുനിന്നും കൊമേർഷ്യൽ കെട്ടിട നിർമ്മാണത്തിന്റെ ഭാഗമായി 1703.14 മെട്രിക് ടൺ കരിങ്കല്ല് നീക്കം ചെയ്യുന്നതിന് കെ.എം.എം.സി ചട്ടങ്ങളിലെ, ചട്ടം 104 പ്രകാരം പ്രത്യേകാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വ്യവസായ (എ) വകുപ്പ്

സ.ഉ.(സാധാ) നം.1072/2024/ID തീയതി,തിരുവനന്തപുരം, 06-11-2024

---

പരാമർശം:-

1. കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ.
2. 27.02.2023, 26.06.2024, 11.07.2024-ലെ ശ്രീ. സാം സെബാസ്റ്റ്യൻ, പാറയിൽ വീട്, ഇടനാട് പി.ഒ., കോട്ടയം സമർപ്പിച്ച അപേക്ഷകൾ.
3. 30.08.2022-ലെ കരൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി അനുവദിച്ച SC2-BA(281978)/2022 നമ്പർ ബിൽഡിംഗ് പെർമിറ്റ്, ഡെവലപ്മെന്റ് പ്ലാൻ.
4. 13.03.2024-ലെ പാലാ റവന്യൂ ഡിവിഷണൽ ഓഫീസറുടെ L4-2831/2023 നമ്പർ സാക്ഷ്യപത്രം.
5. 17.07.2024-ലെ കോട്ടയം ജില്ലാ ജിയോളജിസ്റ്റിന്റെ DOKOT-DMG/1943/2023-M നമ്പർ കത്ത്.
6. 21.10.2024-ലെ മൈനിംഗ് & ജിയോളജി വകുപ്പ് ഡയറക്ടറുടെ DMG/2137/2024-M4 നമ്പർ കത്ത്.

**ഉത്തരവ്**

കോട്ടയം ജില്ലയിൽ മീനച്ചിൽ താലൂക്കിൽ വള്ളിച്ചിറ വില്ലേജിൽ ബ്ലോക്ക്-19, റീസർവ്വേ നം. 25/1-2, 29/3-2-ൽ ഉൾപ്പെട്ട സ്ഥലത്ത് Mercantile/Commercial കെട്ടിട നിർമ്മാണത്തിനായി കരിങ്കല്ല് നീക്കം ചെയ്യുന്നതിന് ശ്രീ സാം സെബാസ്റ്റ്യൻ, പാറയിൽ വീട്, ഇടനാട് പി.ഒ., കോട്ടയം എന്ന വ്യക്തി കോട്ടയം ജില്ലാ ഓഫീസിൽ അപേക്ഷ സമർപ്പിച്ചിരുന്നു. അപേക്ഷയോടൊപ്പം കരൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി അനുവദിച്ച പരാമർശം(3) ബിൽഡിംഗ് പെർമിറ്റ് / ഡെവലപ്മെന്റ് പ്ലാൻ, പാലാ റവന്യൂ ഡിവിഷണൽ ആഫീസറുടെ പരാമർശം(4) സാക്ഷ്യപത്രം, ഖനനപ്രവർത്തനങ്ങൾക്കായി എക്സ്പ്ലോസീവ് ഉപയോഗിക്കുകയില്ല എന്നതു സംബന്ധിച്ച് നോട്ടറി സാക്ഷ്യപ്പെടുത്തിയ സത്യവാങ്മൂലം എന്നിവയും ഹാജരാക്കിയിരുന്നു. അപേക്ഷയുടെയും അനുബന്ധരേഖകളുടേയും അടിസ്ഥാനത്തിൽ 20/12/2023 തീയതിയിൽ ജില്ലാ അസിസ്റ്റന്റ് ജിയോളജിസ്റ്റ് സ്ഥലപരിശോധന നടത്തുകയും, കെട്ടിട നിർമ്മാണത്തിന്റെ ഭാഗമായി ഉദ്ദേശം 1703.14 മെട്രിക് ടൺ കരിങ്കല്ല് പൊട്ടിച്ചുകൂട്ടിയിട്ടുള്ളതായി റിപ്പോർട്ട് ചെയ്യുകയും, പരാമർശം(3) ബിൽഡിംഗ് പെർമിറ്റിന്റെ അടിസ്ഥാനത്തിലാണ് കരിങ്കല്ല് പൊട്ടിച്ച് കൂട്ടിയതെന്നു മനസ്സിലാക്കുന്നുവെന്നും, ആയതിനാൽ കെ.എം.എംസി ചട്ടം 104 പ്രകാരമുള്ള പ്രത്യേക അനുമതി നൽകാവുന്നതാണെന്ന് കോട്ടയം ജില്ലാ ജിയോളജിസ്റ്റ് ശിപാർശ ചെയ്തിരിക്കുന്നു.

2.റവന്യൂ ഡിവിഷണൽ ഓഫീസറുടെ സാക്ഷ്യപത്രത്തിലെ വ്യവസ്ഥകൾക്കു വിധേയമായും എക്സ്പ്ലോസീവ് ഉപയോഗിക്കാതെയും അപേക്ഷാ സ്ഥലത്തു നിന്നും കൊമേർഷ്യൽ കെട്ടിട നിർമ്മാണത്തിന്റെ ഭാഗമായി നിലവിൽ ശേഖരിച്ചിട്ടുള്ള 1703.14 മെട്രിക് ടൺ കരിങ്കല്ല് റോയൽറ്റി ഈടാക്കി നിബന്ധനകൾക്ക് വിധേയമായി നീക്കം ചെയ്യുവാൻ കെ.എം.എം.സി ചട്ടം 104 പ്രകാരമുള്ള അനുമതി നൽകാവുന്നതാണെന്ന്

മൈനിംഗ് & ജിയോളജി ഡയറക്ടർ പരാമർശം (6) പ്രകാരം ശിപാർശ ചെയ്തിരിക്കുന്നു.

3.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ. സാം സെബാസ്റ്റ്യൻ, പാറയിൽ വീട്, ഇടനാട് പി.ഒ., കോട്ടയം എന്ന വ്യക്തിയുടെ ഉടമസ്ഥതയിൽ കോട്ടയം ജില്ലയിൽ മീനച്ചിൽ താലൂക്കിൽ വള്ളിച്ചിറ വില്ലേജിൽ ബ്ലോക്ക്-19, റീസർവ്വേ നം. 25/1-2, 29/3-2-ൽ ഉൾപ്പെട്ട സ്ഥലത്തുനിന്നും കൊമേർഷ്യൽ കെട്ടിട നിർമ്മാണത്തിന്റെ ഭാഗമായി 1703.14 മെട്രിക് ടൺ കരിങ്കല്ല് ചുവടെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി നീക്കം ചെയ്യുന്നതിന് കെ.എം.എം.സി ചട്ടങ്ങളിലെ. ചട്ടം 104 പ്രകാരം പ്രത്യേകാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു..

1.ആർ.ഡി.ഒ-യുടെ നിരാക്ഷേപ പത്രത്തിലെ എല്ലാ നിബന്ധനകളും പാലിക്കേണ്ടതാണ്.
2. നീക്കം ചെയ്യുന്ന ധാതുവിന് മുൻകൂർ റോയൽറ്റി ഒടുക്കേണ്ടതാണ്.
3.സ്ഫോടക വസ്തുക്കൾ ഉപയോഗിക്കാതെ മാത്രമേ ധാതു നീക്കം ചെയ്യാൻ പാടുള്ളൂ.
4.പരിസരവാസികൾക്കോ പരിസ്ഥിതിക്കോ ദോഷം ഉണ്ടാക്കാത്ത രീതിയിൽ വേണം ധാതു നീക്കം ചെയ്യേണ്ടത്.
5.അനുവദിച്ച അളവിൽ കൂടുതലോ ചട്ടങ്ങൾക്ക് വിരുദ്ധമായോ ധാതു നീക്കം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ നൽകുന്ന അനുമതി റദ്ദ് ചെയ്യുന്നതും ചട്ടപ്രകാരമുള്ള നിയമനടപടികൾ സ്വീകരിക്കുന്നതുമാണ്.

6.കോട്ടയം ജില്ലാ ഇൻസ്പെക്ഷൻ സ്ക്വാഡ് ഉത്തരവ് തീയതി മുതൽ 3 മാസത്തിനുശേഷം സൈറ്റ് ഇൻസ്പെക്ഷൻ നടത്തി വസ്തുതാ അന്വേഷണ റിപ്പോർട്ട് മൈനിങ് & ജിയോളജി ഡയറക്ടർ മുഖേന സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

7.ചട്ടം 104 പ്രകാരം നൽകിയ പ്രത്യേകാനുമതി ദുരുപയോഗം ചെയ്തിട്ടുള്ളതായി തെളിയുകയാണെങ്കിൽ കെ.എം.എം.സി ചട്ടങ്ങൾ പ്രകാരം കർശന നിയമ നടപടി സ്വീകരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
BYJU KUMAR S
ഡെപ്യൂട്ടി സെക്രട്ടറി

ഡയറക്ടർ, മൈനിംഗ് & ജിയോളജി വകുപ്പ്, തിരുവനന്തപുരം
റവന്യൂ ഡിവിഷണൽ ഓഫീസർ, പാലാ, കോട്ടയം
ജില്ലാ ജിയോളജിസ്റ്റ്, കോട്ടയം
ശ്രീ. സാം സെബാസ്റ്റ്യൻ, പാറയിൽ വീട്, ഇടനാട് പി.ഒ., കോട്ടയം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(എ&ഇ) കേരള, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക(വെബ് & ന്യൂമീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Sachin V R
സെക്ഷൻ ഓഫീസർ
Date: 07-11-2024 10:33:39